2970
19/2/21



**കേരള സർക്കാർ**

സംഗ്രഹം

വനിതാ-ശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിലും പിന്നീട് കരാറടിസ്ഥാനത്തിലുമായി തുടർന്നുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യ നീതി (ബി) വകുപ്പ്**

സ.ഉ( കൈ) നം. 8/2021/സാനീവ തീയതി, തിരുവനന്തപുരം, 18/02/2021

---

പരാമർശം : 1. സ.ഉ(സാധാ)നം. 241/2017/സാനീവ, തീയതി. 18/04/2017
2. സ.ഉ(സാധാ)നം. 242/2017/സാനീവ, തീയതി. 18/04/2017
3. സ.ഉ(സാധാ)നം. 462/2017/സാനീവ, തീയതി. 11/07/2017
4.കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 07/10/2020-ലെ എ 3/862/2020/കേവക നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള വനിതാ കമ്മീഷനിൽ ഡ്രൈവർ തസ്തികയിൽ 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. ശ്രീജിത്ത് വി, ശ്രീ. മധുസൂദനൻ നായർ ആർ, ഓഫീസ് അറ്റൻഡന്റായ ശ്രീ. ശ്രീഹരി ജി എന്നിവരെ പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം കമ്മീഷനിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതും ആയതിൽ തുടർന്നു വരികയുമാണ്. കമ്മീഷനിൽ 10 വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്നതിനാൽ തങ്ങളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മേൽ ജീവനക്കാർ അപേക്ഷിച്ചിട്ടുണ്ടെന്നും കേരള വനിതാ കമ്മീഷനിൽ സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ആത്മാർത്ഥമായി ജോലി നോക്കുന്ന പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു കൊണ്ട് സർക്കാരിന് അധികസാമ്പത്തികബാധ്യത ഉണ്ടാകാൻ ഇടയില്ലായെന്നും ഇനി ഒരു സ്ഥിരം ജോലി ലഭിക്കുവാൻ ഇവർക്ക് സാധ്യതയില്ലാത്തിനാലും ടി ആളുകളെ സ്ഥിരപ്പെടുത്തുന്നത് അനുഭാവപൂർവം പരിഗണിക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്യുവാൻ 11/09/2020 ലെ കമ്മീഷൻ

യോഗത്തിൽ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ പരാമർശം (4) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിലും തുടർന്ന് കരാറടിസ്ഥാനത്തിലും ജോലി ചെയ്തു വരുന്ന ഡ്രൈവർമാരായ ശ്രീ. ശ്രീജിത്ത് വി, ശ്രീ. മധുസൂദനൻ നായർ ആർ എന്നിവർക്കും ഓഫീസ് അറ്റൻഡന്റായ ശ്രീ. ശ്രീഹരി ജിയ്ക്കും കമ്മീഷനിൽ സ്ഥിരനിയമനം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ബിജു പ്രഭാകർ**
**സെക്രട്ടറി**

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
ശ്രീ. ശ്രീജിത്ത് വി, ഡ്രൈവർ, കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖാന്തിരം)
ശ്രീ. മധുസൂദനൻ നായർ ആർ, ഡ്രൈവർ, കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖാന്തിരം)
ശ്രീ. ശ്രീഹരി ജി, ഓഫീസ് അറ്റൻഡന്റ്, കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഡി ബി സെൽ), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ്
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 15-02-2021**

ഫയൽ നം. സാ.നീ.വ.-ബി2/102/2020-സാ.നീ.വ. ഇനം നം: 4677

വിഷയം : സാമൂഹ്യനീതി വകുപ്പ് - 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരും നിലവിൽ കരാറടിസ്ഥാനത്തിൽ തുടർന്നു വരുന്നതുമായ 3 ജീവനക്കാരെ കേരള വനിതാ കമ്മീഷനിൽ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കേരളാ വനിതാ കമ്മീഷനിലെ നിയമനങ്ങൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലെങ്കിൽ മാത്രം സ്ഥിരപ്പെടുത്താമെന്ന വ്യവസ്ഥയോടുകൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | സാനീവ-ബി2/102/2020-സാനീവ |
| 2 | വകുപ്പ് | സാമൂഹ്യനീതി (ബി) വകുപ്പ് |
| 3 | വിഷയം | 10 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരും നിലവിൽ കരാറടിസ്ഥാനത്തിൽ തുടർന്നു വരുന്നതുമായ 3 ജീവനക്കാരെ കേരള വനിതാ കമ്മീഷനിൽ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12/01/2021 |
| 5 | • ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>• സാമ്പത്തിക ബാദ്ധ്യതയുണ്ടെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനു കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ആണ്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. മുഹമ്മദ് അൻസാരി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. ബിജു പ്രഭാകർ |
| 9 | മന്ത്രിസഭ കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/02/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭ കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/02/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. കെ. കെ ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭ കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 11/02/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 12/02/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരും നിലവിൽ കരാറടിസ്ഥാനത്തിൽ തുടർന്നുവരുന്നതുമായ 3 ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2. കേരള വനിതാ കമ്മീഷനിൽ ഡ്രൈവർ തസ്തികയിൽ 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. ശ്രീജിത്ത് വി, ശ്രീ. മധുസൂദനൻ നായർ ആർ, ഓഫീസ് അറ്റൻഡന്റായ ശ്രീ. ശ്രീഹരി ജി എന്നിവരെ യഥാക്രമം സ.ഉ(സാധാ)നം. 241/2017/സാനീവ, തീയതി. 18/04/2017, സ.ഉ(സാധാ)നം. 242/2017/സാനീവ, തീയതി. 18/04/2017, സ.ഉ(സാധാ)നം. 462/2017/സാനീവ, തീയതി. 11/07/2017 എന്നിവ പ്രകാരം കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതും ആയതിൽ തുടർന്നു വരികയുമാണ്. കമ്മീഷനിൽ 10 വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്നതിനാൽ തങ്ങളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മേൽ ജീവനക്കാർ അപേക്ഷിച്ചിട്ടുണ്ടെന്നും 11/09/2020 ലെ കമ്മീഷൻ യോഗം പരിഗണിക്കുകയും കേരള വനിതാ കമ്മീഷനിൽ സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ആത്മാർത്ഥമായി ജോലി നോക്കുന്ന പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് കൊണ്ട് സർക്കാരിന് അധികസാമ്പത്തികബാധ്യത ഉണ്ടാകാൻ ഇടയില്ലായെന്നും ടി ആളുകൾക്ക് ഇനി ഒരു സ്ഥിരം ജോലി ലഭിക്കുവാൻ സാധ്യതയില്ലാത്തിനാലും ടി ആളുകളെ സ്ഥിരപ്പെടുത്തുന്നത് അനുഭാവപൂർവം പരിഗണിക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും കമ്മീഷൻ മെമ്പർ സെക്രട്ടറി അറിയിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മെമ്പർ സെക്രട്ടറി സർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നു.

പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*"കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാരായ ശ്രീ. ശ്രീജിത്ത് വി, ശ്രീ. മധുസൂദനൻ നായർ ആർ, ഓഫീസ് അറ്റൻഡന്റായ ശ്രീ. ശ്രീഹരി ജി എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന ഭരണ വകുപ്പ് ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു."*

3. എന്നാൽ, കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാരായ ശ്രീ. ശ്രീജിത്ത് വി, ശ്രീ.

മധുസൂദനൻ നായർ ആർ, ഓഫീസ് അറ്റൻഡന്റായ ശ്രീ. ശ്രീഹരി ജി എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന ഭരണവകുപ്പ് ശുപാർശ നിലവിലെ കരാർ നിയമന വ്യവസ്ഥകൾക്ക് വിരുദ്ധവും അതോടൊപ്പം കോടതിയലക്ഷ്യത്തിനും കാരണമാകുമെന്നതിനാൽ പരിഗണിക്കാൻ നിർവാഹമില്ലെന്ന ധനകാര്യ വകുപ്പിന്റെ പ്രസ്താവിത നിലപാടിനൊപ്പം ഭരണവകുപ്പ് ആഗ്രഹിക്കുന്നുവെങ്കിൽ പ്രസ്തുത വിഷയം മന്ത്രിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണെന്നു കൂടി അറിയിക്കുന്നുവെന്നും ആയതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ടെന്നും 31/12/2020 ലെ അനൗദ്യോഗിക കുറിപ്പ് പ്രകാരം ധനകാര്യ വകുപ്പ് പിന്നീട് അറിയിക്കുകയുണ്ടായി.

4. ഇക്കാര്യത്തിൽ നിയമ വകുപ്പ് ചുവടെ ചേർക്കും പ്രകാരമാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്:

" *ബഹു. സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് State of Karnataka Vs. Umadevi (AIR 2006 SC 1806) എന്ന കേസിൽ, താൽക്കാലിക അടിസ്ഥാനത്തിൽ/ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാനദണ്ഡവും നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ നിയമവകുപ്പിൽ നിന്നും നൽകിയ അഭിപ്രായം ധനകാര്യ അഡീ. ചീഫ് സെക്രട്ടറി 2661/Exp.A1/15/Fin നമ്പർ കുറിപ്പ് പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കുലേറ്റ് ചെയ്തിരുന്നതുമാണ്. പ്രസ്തുത വിധിയിലെ മാനദണ്ഡം പ്രകാരം വിധിന്യായം പുറപ്പെടുവിച്ച 10.4.2006-ൽ താൽക്കാലിക അടിസ്ഥാനത്തിൽ സർവ്വീസിൽ ഉടരുന്നവരും sanctioned post-ൽ 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരുമായ ജീവനക്കാരെ ഒറ്റത്തവണ വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തി ക്രമീകരിക്കുന്നതിന് മാത്രമാണ് കോടതി അനുമതി നൽകിയിരുന്നത്. തുടർന്ന് ബഹു. സുപ്രീം കോടതി ഡിവിഷൻ ബെഞ്ച് Upendra Singh Vs. State of Bihar & Ors (AIR 2018 SC 1315) എന്ന കേസിൽ 23.12.2018-ൽ പുറപ്പെടുവിച്ച വിധിയിൽ ടി Umadevi കേസിലെ വിധിയെ ശരിവയ്ക്കുകയും ഇപ്രകാരം വിധി പ്രസ്താവിക്കുകയും ചെയ്തു.*

*" Law pertaining to regularisation has now been authoritatively determined by a Constitution Bench judgment of this Court in Secretary, State of Karnataka & Ors. Vs. Umadevi & Ors (2006(4) SCC(1) On the application of law laid down in that case, it is clear that the question of regularisation of daily wager appointed contrary to law does not arise."*

*ആയതിനാൽ മേൽ ബഹു. സുപ്രീംകോടതി വിധികളുടെ അടിസ്ഥാനത്തിൽ കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് നിയമപരമല്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. "*

5. മേൽ സാഹചര്യത്തിൽ, കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരും നിലവിൽ കരാറടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ തുടർന്നു വരുന്ന ശ്രീ. ശ്രീജിത്ത് വി. ശ്രീ. മധുസൂദനൻ നായർ ആർ, എന്നിവരെയും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തുടരുന്ന ശ്രീ. ശ്രീഹരി ജിയേയും സ്ഥിരപ്പെടുത്തുന്നകാര്യം പ്രത്യക കേസ് ആയി കണക്കാക്കി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നകാര്യത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി ആയത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിലും പിന്നീട് കരാറടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്നതുമായ ഡ്രൈവർമാരായ ശ്രീ. ശ്രീജിത്ത് വി, ശ്രീ. മധുസൂദനൻ നായർ ആർ, ഓഫീസ് അറ്റൻഡന്റായ ശ്രീ. ശ്രീഹരി ജി എന്നിവരുടേത് ഒരു പ്രത്യേക കേസായി പരിഗണിച്ച് കമ്മീഷനിൽ സ്ഥിരനിയമനം നൽകാവുന്നതാണോ?

GOVERNMENT OF KERALA
(SRI. PINARAYI VIJAYAN MINISTRY)
NOTE FOR COUNCIL OF MINISTERS

| | | |
|---|---|---|
| 1. | File No. | SJD-B2/102/2020-SJD |
| 2. | Department | Social Justice (B) Department |
| 3. | Subject | Regularization of three employees who had worked in Kerala Women's Commission on daily wages for more than 10 years and are continuing on contract basis |
| 4. | Date of Chief Minister's order for placing before the Council | 12/01/2021 |
| 5. | (i) Does the case involve financial commitments/ implications | Yes |
| | (ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | Yes |
| 7. | Name of Additional Secretary who submitted the Draft Note | Sri. Muhammed Anzari |
| 8. | Name of Secretary who approved the Draft Note | Sri. Biju Prabhakar |
| 9. | Date of approval of the Draft Note for the Council by the Secretary | 11/02/2021 |
| 10. | Name of Chief Secretary who approved the Draft Note | Dr. Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 11/02/2021 |
| 12. | Name of Minister who approved the Draft Note | Smt. K. K Shylaja Teacher |
| 13. | Date of approval of the Draft Note for the Council by the Minister | 11/02/2021 |
| 14. | Date of submission of fair copies | 12/02/2021 |
| 15. | Date of decision by the Council of Ministers | |
| 16. | Number and date of the G.O./letter communicating the decision. | |

## NOTE FOR THE COUNCIL OF MINISTERS

The subject of this note is regarding the regularization of 3 employees who had worked in Kerala Women's Commission on daily wages for more than 10 years and are continuing on contract basis.

2. Sri. Sreejith V, Sri. Madhusoodanan Nair R are drivers and Sri. Sreehari G is an Office Attendant, who had been working in the Kerala Women's Commission on daily wages for more than 10 years and were appointed on contract basis in the Commission vide G.O(Rt)No. 241/2017/SJD, Dated. 18/04/2017, G.O(Rt)No.242/2017/SJD, Dated. 18/04/2017 and G.O(Rt)No. 462/2017/SJD, Dated. 11/07/2017 respectively. They are continuing in their respective posts. Member Secretary, Kerala Women's Commission has informed that these employees have requested to regularise their appointment as they have been working in the Commission for more than 10 years and the Commission meeting held on 11/09/2020 decided to recommend their application considering the facts that they have been sincerely working in the sanctioned posts and their regularisation will not cost any more financial burden to the Government and there is meager chances of them to secure a permanent job. Hence the Member Secretary has requested to Government that these employees may be regularised in their respective posts.

When consulted the Finance Department has opined as follows;

"കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാരായ ശ്രീ. ശ്രീജിത്ത് വി, ശ്രീ. മധുസൂദനൻ നായർ ആർ,

*ഓഫീസ് അറ്റൻഡന്റായ ശ്രീ. ശ്രീഹരി ജി എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന ഭരണ വകുപ്പ് ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു."*

3. The Finance Department later informed that they stands by it's already stated opinion that the recommendation of the Administrative Department to regularise the drivers Sri. Sreejith V, Sri. Madhusoodanan Nair R and the office attendant Sri. Sreehari G can not be granted as it is against the terms and conditions of contract employment and the same may be prone to contempt of court. If the Administrative Department wishes to proceed the recommendation, the same my be submitted before the Minister concerned for consideration and it has the approval of Hon. Minister for Finance.

4. The Law Department has opined in this matter, as follows;

*" ബഹു. സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് State of Karnataka Vs. Umadevi (AIR 2006 SC 1806) എന്ന കേസിൽ, താൽക്കാലിക അടിസ്ഥാനത്തിൽ/ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാനദണ്ഡവും നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ നിയമവകുപ്പിൽ നിന്നും നൽകിയ അഭിപ്രായം ധനകാര്യ അഡീ. ചീഫ് സെക്രട്ടറി 2661/Exp.A1/15/Fin നമ്പർ കുറിപ്പ് പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കുലേറ്റ് ചെയ്തിരുന്നുമാണ്. പ്രസ്തുത വിധിയിലെ മാനദണ്ഡം പ്രകാരം വിധിന്യായം പുറപ്പെടുവിച്ച 10.4.2006-ൽ താൽക്കാലിക അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നവരും sanctioned post-ൽ 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരുമായ ജീവനക്കാരെ ഒറ്റത്തവണ വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തി ക്രമീകരിക്കുന്നതിന് മാത്രമാണ് കോടതി അനുമതി*

നൽകിയിരുന്നത്. തുടർന്ന് ബഹു. സുപ്രീം കോടതി ഡിവിഷൻ ബെഞ്ച് *Upendra Singh Vs. State of Bihar & Ors (AIR 2018 SC 1315)* എന്ന കേസിൽ *23.12.2018*-ൽ പുറപ്പെടുവിച്ച വിധിയിൽ ടി *Umadevi* കേസിലെ വിധിയെ ശരിവയ്ക്കുകയും ഇപ്രകാരം വിധി പ്രസ്താവിക്കുകയും ചെയ്തു.

*" Law pertaining to regularisation has now been authoritatively determined by a Constitution Bench judgment of this Court in Secretary, State of Karnataka & Ors. Vs. Umadevi & Ors (2006(4) SCC(1) On the application of law laid down in that case, it is clear that the question of regularisation of daily wager appointed contrary to law does not arise."*

ആയതിനാൽ മേൽ ബഹു. സുപ്രീംകോടതി വിധികളുടെ അടിസ്ഥാനത്തിൽ കേരള വനിതാ കമ്മീഷനിൽ 10 വർഷത്തിലധികം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് നിയമപരമല്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. "

5. In the above circumstances, when the file was circulated to the Hon. Chief Minister for orders regarding the regularisation of Sri. Sreejith V, Sri. Madhusoodanan Nair R and Sri. Sreehari G who had worked in Kerala Women's Commission on daily wages for more than 10 years and are continuing on contract basis for more than 3 years in their respective posts, as a special case, Hon. Chief Minister has ordered to place the matter before the Council of Ministers.

POINT FOR DECISION

Whether Sri. Sreejith V, Sri. Madhusoodanan Nair R (Drivers) and Sri. Sreehari G (Office Attendant) who had worked in Kerala Women's Commission on daily wages for more than 10 years and are continuing on contract basis, may be regularised considering this as a special case ?